## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2192 | 06.02.2019 ൽ മറുപടിയ്ക്ക് |
|---|---|
| **റെസ്ക്യൂ ഹോം സംവിധാനം** | |
| ചോദ്യം | മറുപടി |
| **ശ്രീ.കെ.ജെ. മാക്സി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സാമൂഹ്യ നീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റെസ്ക്യൂ ഹോം സംവിധാനം നിലവിൽ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്; | എ) വകുപ്പിന് കീഴിൽ മലപ്പുറം തവനൂരിൽ ഒരു റെസ്ക്യൂ ഹോം പ്രവർത്തിക്കുന്നു. |
| ബി) പ്രസ്തുത റെസ്ക്യൂ ഹോമുകളിൽ എത്ര വനിതകൾ അന്തേവാസികളായുണ്ട്; | ബി) 24 (ഇരുപത്തി നാല് ) പേർ താമസിക്കുന്നുണ്ട്. |
| സി) റെസ്ക്യൂ ഹോമിന്റെ പ്രവർത്തനം എപ്രകാരമുള്ളതാണ്; വിശദാംശം വ്യക്തമാക്കുമോ; | സി) 1956 ലെ ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്ട് പ്രകാരം ശിക്ഷിക്കപ്പെട്ടവരും ഇത്തരം ജീവിതത്തിലേർപ്പെടാൻ സാധ്യതയുള്ളവരുമായ 18 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്ക് സംരക്ഷണം നൽകി അനുയോജ്യമായ പുനരധിവാസ നടപടികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് റെസ്ക്യൂ ഹോം . കോടതി മുഖേനയോ, പോലീസ് അധികാരികൾ, സാമൂഹ്യക്ഷേമ സംഘടനകൾ, ജില്ലാ സാമൂഹ്യനീതി ഓഫീസർ മുതലായവരുടെ കത്തിന്റെ അടിസ്ഥാനത്തിലോ, ഇത്തരത്തിലുള്ള സ്ത്രീകളുടെ അപേക്ഷയിന്മേലോ പ്രവേശനം നൽകുന്നു. |
| (ഡി) മലപ്പുറം തവനൂരിലെ സർക്കാർ റെസ്ക്യൂ ഹോമിൽ പുറംലോകവുമായിട്ടുള്ള സകല ബന്ധവും നിഷേധിക്കപ്പെട്ടുള്ള ഏകാന്ത വാസത്തിൽ ജീവിതതാളം നഷ്ടപ്പെട്ട എത്ര വനിതകൾ അധിവസിക്കുന്നു എന്നറിയിക്കാമോ; | (ഡി) തവനൂർ റെസ്ക്യൂ ഹോമിൽ ഇപ്പോൾ 24 താമസക്കാരാണ് ഉള്ളത്. ഇതിൽ 23 പേരും ഇതര സംസ്ഥാനക്കാരാണ്. പോലീസ് മുഖേനയും കോടതി മുഖേനയും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വന്നവരുമായ 26 നും 65 നും ഇടയ്ക്ക് പ്രായമുള്ളവരുണ്ട്. 18 പേർ മാനസിക രോഗത്തിന് മരുന്നു കഴിക്കുന്നവരാണ്. മാനസിക നില |

| | |
|---|---|
| | സാധാരണ നിലയിൽ അല്ലാത്തതിനാലും മറ്റ് ഭാഷക്കാരായതിനാലും ഇവരുമായി ശരിയായ ആശയവിനിമയം നടത്താനോ കൃത്യമായ മേൽവിലാസം കണ്ടു പിടിക്കാനോ സാധിക്കുന്നില്ല. താമസക്കാരിൽ 2 പേർ ബധിരരും മൂകരുമാണ്. 3 പേർ ജീവനക്കാരുടെ സഹായത്തോടെ അടുക്കള ജോലികൾ ചെയ്തു വരുന്നു. എല്ലാ ദിവസവും രാവിലെ താമസക്കാരെ യോഗ ചെയ്യിപ്പിക്കാറുണ്ട്. സ്ഥാപനത്തിലെ ജീവനക്കാരുടെ സഹായത്തോടെ താമസക്കാർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു വരുന്നു. |
| (ഇ) ആരും ഏറ്റെടുക്കാനില്ലാത്ത ഇത്തരം അന്തേവാസികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യമൊരുക്കാനും അവരുടെ പുനരധിവാസത്തിനായി കൂടുതൽ സൗകര്യങ്ങളൊരുക്കാനും സാമൂഹ്യനീതി വകുപ്പ് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) സ്ഥാപനത്തിലെ താമസക്കാർക്ക് തൊഴിൽ പരിശീലനം നൽകി വരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടുള്ള നീഡിൽ വർക്ക് ടീച്ചർ മുഖേന താമസക്കാർക്ക് തയ്യൽ പരിശീലനവും, എംബ്രോയിഡറി, മറ്റ് കരകൗശല വസ്തുക്കൾ നിർമ്മിക്കൽ, ചിത്രരചന മുതലായവ ഓരോരുത്തരുടെ അഭിരുചിയ്ക്ക് അനുസരിച്ച് പരിശീലിപ്പിക്കുന്നു. യോഗ പരിശീലനവും ഇവർക്ക് നൽകുന്നുണ്ട്. ഇവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ